(സി) വിവിധ ക്ലാസ്സുകളിൽപ്പെട്ട തേക്കിൻ കഴകളും മറ്റും വെട്ടി ഹെഡ്‌ലോഡ് ചെയ്യുന്നതിന് റേറ്റുകളും നിശ്ചയിച്ചിട്ടുണ്ടോ ; എങ്കിൽ ഓരോ ക്ലാസ്സിനുമുള്ള റേറ്റ് എത്ര ;

(ഡി) സർക്കാർ നിശ്ചയിച്ചിട്ടുള്ള റേറ്റ് കഴിഞ്ഞ കുറേ നാളുകളായി തൊഴിലാളികൾക്ക് നൽകാതെ വൻതുകകൾ ഫോറസ്റ്റ് ഉദ്യോഗസ്ഥൻമാർ തട്ടിയെടുക്കുന്നു എന്ന ആരോപണം ഗവൺമെൻറിൻെറ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ ;

(ഇ) ഉണ്ടെങ്കിൽ ഇതേപ്പറ്റി സമഗ്രമായ ഒരു അന്വേഷണം നടത്തി ബന്ധപ്പെട്ടവരുടെ മേൽ മാതൃകാപരമായ ശിക്ഷണ നടപടികളും കൈക്കൊള്ളാൻ ഗവൺമെൻറ് തയ്യാറാകുമോ ?

ഉത്തരം

(എ) ഉണ്ട്,

(ബി) 1985-86 വർഷത്തിൽ ചെയ്തുതീർന്നിട്ടുള്ള ജോലികളുടെ കൂടി ശിഖകൾ ഡിപ്പാർട്ടുമെൻറ് റേറ്റ് ബോദ്ധ്യപ്പെടുത്തി അംഗീകൃത വൗച്ചറുകൾ വാങ്ങിക്കൊടുത്തുതീർക്കുന്നതിന് ബന്ധപ്പെട്ട റെയിഞ്ചോഫീസർക്ക് അടിയന്തിര നിർദ്ദേശം നൽകണമെന്നതാണ് ആവശ്യം.

(സി) തേക്ക് കഴകളും വെട്ടി ഹെഡ്‌ലോഡ് ചെയ്യുന്നതിനുമാത്രമായി റേറ്റുകളും നിലവിലില്ല. എന്നാൽ തേക്ക് കഴകളും വെട്ടി തരംതിരിച്ച് കുറ്റിച്ചുവട്ടിൽനിന്നും രണ്ട് ഫർലോംഗ് അകലം വരെ വലിച്ച് അട്ടി വയ്ക്കുന്നതിനുള്ള റേറ്റ് നിശ്ചയിച്ചിട്ടുണ്ട്.

(ഡി) ഉണ്ട്.

(ഇ) അന്വേഷിച്ച് വേണ്ട നടപടികൾ സ്വീകരിക്കുന്നതാണ്.

മിച്ചഭൂമിയിൽ നിന്നും വനം വകുപ്പ് നടത്തുന്ന കൂടിയിറക്ക്

432. [620] ശ്രീ. കെ. കെ. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പീരുമേട് താലൂക്കിൽ റവന്യൂ ഉദ്യോഗസ്ഥൻമാർ മിച്ചഭൂമിയായി തിരിച്ചുകൊടുത്ത സ്ഥലങ്ങളിൽനിന്നും വനംവകുപ്പ് ഉദ്യോഗസ്ഥൻമാർ ആളുകളെ ഇറക്കിവിടുന്ന കാര്യം സർക്കാരിൻെറ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ കാരണം വ്യക്തമാക്കുമോ ?

ഉത്തരം

(എ,ബി) നിക്ഷിപ്ത വനഭൂമിയായി ഏറ്റെടുത്ത പീരുമേട് താലൂക്കിലെ മതംബ, തങ്കമല എന്നീ പ്രദേശങ്ങളിലുണ്ടായ ചില കയ്യേറ്റ ശ്രമങ്ങൾ യഥാസമയം വനംവകുപ്പ് ഉദ്യോഗസ്ഥൻമാർ ഒഴിപ്പിച്ചിട്ടുണ്ട്. അല്ലാതെ മിച്ചഭൂമിയായി റവന്യൂ ഉദ്യോഗസ്ഥൻമാർ പതിച്ചുകൊടുത്ത സ്ഥലങ്ങളിൽനിന്നും ഒഴിപ്പിക്കൽ നടപടി ഉണ്ടായിട്ടില്ല.

കുമിളിയിൽ കെ. എസ്. ആർ. ടി. സി. ബസ്സ്റ്റാൻറ് പണിയുന്നതിന് വനഭൂമി വിട്ടുകൊടുക്കണമെന്നുള്ള നിവേദനം

433. [621] ശ്രീ. കെ. കെ. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കുമിളിയിൽ കെ. എസ്. ആർ. ടി. സി. വക ബസ്സ്റ്റാൻറ് പണിയുന്നതിന് വനം വകുപ്പിൻെറ കൈവശത്തിൽ കുമിളി ടൗണിലിരിക്കുന്ന സ്ഥലം വിട്ടുകൊടുക്കുന്നതിന് സർക്കാരിന് നിവേദനം കിട്ടിയിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly